"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2022-23 വാർഷിക പദ്ധതി - "പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം." - ഘടകം " പഴവർഗ്ഗങ്ങളുടെ വികസനം " - കുടിശ്ശിക തുക - 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് തുകയിൽ നിന്നും ചിലവഴിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1095/2023/AGRI തീയതി,തിരുവനന്തപുരം, 20-11-2023

പരാമർശം:-
1. സ.ഉ.(സാധാ) നം.723/2022/കൃഷി, തീയതി 09/08/2022
2. സ.ഉ.(സാധാ) നം.543/2023/കൃഷി, തീയതി 05/06/2023
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24/03/2023 -ലെ ADFW/3501/2023-TP2 നമ്പർ കത്ത്.
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18/09/2023 -ലെ ADFW/5954/2023-TP2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം." എന്ന പദ്ധതിയ്ക്ക് 1897 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ ഉൾപ്പെട്ട പ്രധാന ഘടകമായ പഴവർഗ്ഗങ്ങളുടെ വികസനത്തിനായി 1467 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 2023 മാർച്ച് മാസത്തിൽ ആവശ്യമായ തുക ബജറ്റ് ശീർഷകത്തിൽ ലഭ്യമാകാത്തതിനാൽ 139.98109 ലക്ഷം രൂപയുടെ ബില്ലുകൾ മാറി നൽകാനാകാത്ത സാഹചര്യത്തിൽ, ടി തുക 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് e-LAMs പ്രകാരം അനുമതി ആവശ്യപ്പെട്ടു പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയും എന്നാൽ ആയതിന് ഭരണാനുമതി നിരസിക്കുകയും ചെയ്തിരുന്നു.

2) തുടർന്ന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയ "പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം" പദ്ധതിയുടെ ഘടകമായ "പഴവർഗ്ഗങ്ങളുടെ വികസനം " എന്നതിനായി അനുവദിച്ച തുകയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ പദ്ധതി ഘടകത്തിലെ കുടിശ്ശിക തുകയായ 139.98109 ലക്ഷം രൂപ 2401-00-119-79(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുവാൻ അനുമതി അഭ്യർത്ഥിച്ച് പരാമർശം (4) പ്രകാരം കൃഷി ഡയറക്ടർ പ്രൊപോസൽ സമർപ്പിച്ചിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം" എന്ന പദ്ധതിയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക തുകയായ 139.98109 ലക്ഷം രൂപ നടപ്പ് വർഷത്തെ 2401-00-119-79 (PV) ശീർഷകത്തിലെ വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ധനകാര്യ (അഗ്രി-ബി) വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം. 2582143/Agri-B1/404/2023-FIN, തീയതി 15-11-2023 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (AGRI-PB1/239/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ